# കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല
## അക്കാദമിക്സ് & റിസർച്ച് ഡയറക്ടറുടെ കാര്യാലയം,
പൂക്കോട്, ലക്കിടി. പി.ഒ., വയനാട് – 673 576
*ഇ മെയിൽ : dar@kvasu.ac.in, officedar@kvasu.ac.in, ഫോൺ : 04936 209260, 209269, 209270*

Approved By Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on 25/03/2025 12:36 PM
(The document is digitally approved and does not require any Seal or Signature in original)

നം. KVASU/DAR/B1/1721/2023(10) പൂക്കോട്, തീയതി, 25/03/2025

**<u>വിജ്ഞാപനം</u>**

വിഷയം:- കെ.വി.എ.എസ്.യു -ഡി.എ.ആർ -ഡിപ്ലോമ ഇൻ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിലേക്കുള്ള പ്രവേശനം - വിജ്ഞാപനം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച് .

സൂചന:- 1.03.03.2025 തീയതിലെ KVASU/GA/A3/4184/2024 (28) നമ്പർ സർവ്വകലാശാല പരിപത്രം.
2.14.03.2025 തീയതിലെ സർവ്വകലാശാല പൊതുഭരണ വിഭാഗത്തിൽ നിന്നുള്ള KVASU/GA/A3/4184/2024 (28) നമ്പർ കത്ത് .
3. 19.03.2025 തീയതിയിലെ KVASU/GA/A3/4184/2024 (28) നമ്പർ സർവ്വകലാശാല പരിപത്രം.
3.24.03.2025 തിയതിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സി.വി.എ.എസ് ,മണ്ണുത്തിയുടെ ഇ-മെയിൽ സന്ദേശം.

മേൽ സൂചനകൾ (1&2) പ്രകാരം ഡിപ്ലോമ ഇൻ ലൈഫ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിലേക്കുള്ള പ്രവേശനത്തിനു അനുവദിച്ചിട്ടുള്ള 32 സീറ്റിലേക്കുള്ള അഡ്മിഷൻ 21.03.2025 തീയതിയിൽ രാവിലെ 10.30 വയനാട്, പൂക്കോട് സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തപ്പെട്ടിരുന്നു. അഡ്മിഷൻ നേടിയ പ്രവേശനാർത്ഥികളോട് കോഴ്സ് രജിസ്ട്രേഷനായി 24/03/2025 തീയതിയിൽ കോളേജ് ഓഫ് വെറ്റിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തിയിൽ ഹാജരാകുന്നതിന് നിർദേശിച്ചിരുന്നു.

മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട പ്രവേശനാർത്ഥികളിൽ നിശ്ചിത സമയത്തിലും തീയതിയിലും കോഴ്സ് പ്രവേശനത്തിനായി ഹാജരാകാത്തവർ പ്രവേശനം ഉപേക്ഷിച്ചതായി കണക്കാക്കി ഈ ഒഴിവുകളിലേക്ക് സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മെയിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവേശനാർത്ഥികൾ റിപ്പോർട്ട് ചെയ്യാത്തതുമൂലം 2024-25 വർഷത്തെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിൽ നിലവിലുള്ള 2 സീറ്റ് ഒഴിവുകളിലേക്ക് സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നടത്തപ്പെടുന്ന അഡ്മിഷൻ **26.03.2025 തീയതിയിൽ രാവിലെ 10.30 വയനാട്, പൂക്കോട് സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തപ്പെടുന്നു.** ഈ സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ഹാജരാകുന്ന സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവേശനാർത്ഥികൾ അന്നേദിവസം ചുവടെ പറയുന്ന സർട്ടിഫിക്കറ്റുകൾ/രേഖകളുടെ ഒറിജിനൽ സഹിതം സർവകലാശാല ആസ്ഥാനത്ത് അക്കാദമിക് റിസേർച്ച് ഡയറക്ടറേറ്റിൽ ഹാജരാകേണ്ടതാണ്.

**<u>ഹാജരാക്കേണ്ട രേഖകൾ:</u>**

1. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്
2. പ്ലസ് ടു/ വി. എച്ച്. എസ്. ഇ./ എൻ. എസ്. ക്യു എഫ് യോഗ്യതാ സർട്ടിഫിക്കറ്റ്
3. സ്റ്റേഷൻ മേധാവി നൽകുന്ന അനുമതി സർട്ടിഫിക്കറ്റ് ( മാതൃക ഇതോടൊപ്പം

Approved By Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on 25/03/2025 12:36 PM
(The document is digitally approved and does not require any Seal or Signature in original)

ചേർത്തിരിക്കുന്നു ).

പ്രവേശനം നേടുന്നവർ ഫീസുകൾ ഓൺലൈനായി അടച്ച ശേഷം, കോഴ്സ് രജിസ്ട്രേഷനായി 28.03.2025 തീയതിക്കു മുൻപായി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസ്, മണ്ണുത്തിയിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

<u>ഡിപ്ലോമ ഇൻ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിന്റെ ഫീസ് ഘടന</u>

| ഫീസ് വിഭാഗം | I സെമസ്റ്റർ (₹) | II സെമസ്റ്റർ (₹) |
|---|---|---|
| അഡ്മിഷൻ ഫീ | 315 | - |
| ട്യൂഷൻ ഫീ | 31,500 | 31,500 |
| കോളേജ് കോഷൻ ഡിപ്പോസിറ്റ് | 1,050 | - |
| ലൈബ്രറി ഫീ | 525 | 525 |
| സ്റ്റേഷനറി ഫീ | 315 | 315 |
| കോഴ്സ് സിലബസ് & കരിക്കുലം | 263 | - |
| എക്സാമിനേഷൻ / ആനുവൽ ബോർഡ് എക്സാമിനേഷൻ ഫീ | 525 | - |
| പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീ | 210 | - |
| ഡിപ്ലോമ സർട്ടിഫിക്കറ്റ് ഫീ | 315 | - |
| ട്രാൻസ്ക്രിപ്റ്റ് ഫീ | 315 | - |
| ആകെ | ₹35,333 | ₹32,340 |

പ്രവേശനം നേടുന്നവർ ഫസ്റ്റ് സെമസ്റ്റർ ഫീസായ Rs. 35,333 രൂപ ( മുപ്പത്തഞ്ചായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്നു രൂപ) രെജിസ്ട്രേഷന് മുൻപ് ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ് .

ഡിപ്ലോമ ഇൻ ലൈവ്സ്റ്റോക്ക് മാനേജ്മന്റ് കോഴ്സിലേക്കുള്ള പ്രവേശനം പൊതുഭരണ വിഭാഗത്തിലെ KVASU/GA/A3/4184/2024 (28) dated 3.3.2025 പരിപത്രത്തിലെ മാനദണ്ഡങ്ങൾക്കു വിധേയമായിരിക്കും .

**പ്രൊഫ. (ഡോ.) സി. ലത**
**ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)**

ഉള്ളടക്കം: സ്റ്റേഷൻ മേധാവി നൽകുന്ന അനുമതി സർട്ടിഫിക്കറ്റ് മാതൃക

Approved By Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on 25/03/2025 12:36 PM
(The document is digitally approved and does not require any Seal or Signature in original)